**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 179** **01-07-2026-ൽ മറുപടിയ്ക്ക്**

**ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ടി. എം. ശശി

ശ്രീ. സജി ചെറിയാൻ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. യു. ആർ. പ്രദീപ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ആർദ്രം മിഷന്റെ ഭാഗമായി മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആധുനിക സൗകര്യമുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

**മറുപടി: ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ 885 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും അതിൽ 786 എണ്ണത്തെ ആധുനിക സൗകര്യമുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.**

**ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| **ജില്ല** | **ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം** | **കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളുടെ എണ്ണം** |
|---|---|---|
| തിരുവനന്തപുരം | 72 | 68 |
| കൊല്ലം | 62 | 54 |
| പത്തനംതിട്ട | 47 | 36 |
| ആലപ്പുഴ | 62 | 57 |
| കോട്ടയം | 62 | 56 |
| ഇടുക്കി | 45 | 34 |
| എറണാകുളം | 77 | 72 |
| തൃശ്ശൂർ | 81 | 78 |

| | | |
|---|---|---|
| പാലക്കാട് | 79 | 72 |
| മലപ്പുറം | 88 | 78 |
| കോഴിക്കോട് | 64 | 62 |
| വയനാട് | 25 | 23 |
| കണ്ണൂർ | 82 | 61 |
| കാസർകോട് | 39 | 35 |
| ആകെ | **885** | **786** |

19 സ്ഥാപനങ്ങളിലെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 8 സ്ഥാപനങ്ങളിലെ പ്രവൃത്തികൾ ഉടൻ ആരംഭിക്കും. ശേഷിക്കുന്ന 60 സ്ഥാപനങ്ങളിൽ XVFC/MLA/MP ഫണ്ട് മുഖേന പുതിയ കെട്ടിടം ആർദ്രം നിലവാരത്തിൽ നിർമ്മിക്കുന്ന നടപടികൾ പുരോഗമിക്കുന്നതിനാലും മറ്റു 12 സ്ഥാപനങ്ങളിൽ സ്ഥല പരിമിതിയുള്ളതിനാലും ആർദ്രം നവീകരണ പ്രവൃത്തികൾ നടപ്പിലാകുവാൻ സാധിച്ചിട്ടില്ല.

**(ബി)** ആർദ്രം മിഷന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട് ഉൾപ്പെടെ കഴിഞ്ഞ സർക്കാർ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** ആർദ്രം മിഷന്റെ ഭാഗമായുള്ള ഏഴ് പദ്ധതികൾക്കായി 9 ശീർഷകങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ (2021 -2026 ) അനുവദിച്ചിട്ടുള്ള തുക **അനുബന്ധം ആയി** ചേർക്കുന്നു.

2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലും തുടർന്ന് കാലാകാലങ്ങളിലുള്ള ബജറ്റ് പ്രസംഗങ്ങളിലും കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് മന്ത്രിസഭായോഗം അംഗീകരിക്കുന്ന പദ്ധതികളുമാണ് കിഫ്ബി വഴി നടപ്പിലാക്കി വരുന്നത്. ഇപ്രകാരം, സംസ്ഥാനത്തെ ആരോഗ്യ വകുപ്പിനു കീഴിലെ വിവിധ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിന് മേൽ സൂചിപ്പിച്ച ബജറ്റ് പ്രസംഗം/മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നാളിതുവരെ 7496.30 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

**(സി)** കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉച്ചക്ക് ശേഷം അടച്ചിടുന്ന പതിവ് അവസാനിപ്പിച്ച് 9 മണി മുതൽ 6 മണി വരെ ഒ.പി. സൗകര്യം ഏർപ്പെടുത്തിയത് സാധാരണക്കാരായ ജനങ്ങൾക്ക് എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഒ.പി. സമയം 6 മണി വരെയാക്കിയത് സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങളുടെ സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിനും, പ്രാഥമിക ആരോഗ്യ പരിപാലനം കൂടുതൽ ജനകീയമാക്കുന്നതിനും സഹായകരമായിട്ടുണ്ട്. എന്നാൽ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും അപര്യാപ്തതമൂലം മുടങ്ങിക്കിടക്കുകയാണ്

**(ഡി)** ലോകാരോഗ്യ സംഘടന ഉൾപ്പെടെ പ്രശംസിച്ച പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ മാതൃക പൂർണ്ണമായും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ

ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** കേരളത്തിന്റെ ആരോഗ്യ മാതൃക ലോകശ്രദ്ധ ആകർഷിച്ചിട്ടുണ്ടെങ്കിലും ഉച്ചയ്ക്ക് ശേഷം രോഗികൾക്കും മെഡിക്കൽ കോളേജുകളിൽ അല്ലാതെ ചികിത്സാ സൗകര്യം ലഭ്യമാവാത്ത സ്ഥിതി വിശേഷമാണ് ഉള്ളത്. ആയതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു ജില്ലയിലെ ഒരു ആശുപത്രിയിലെങ്കിലും 24 മണിക്കൂറും സ്പെഷ്യാലിറ്റി ചികിത്സ രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നം | ശീർഷകം & പദ്ധതിയുടെ പേര് | സാമ്പത്തിക വർഷം | പദ്ധതി വിഹിതം (ലക്ഷത്തിൽ) | അലോട്ട്മെന്റ് (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | 2210-03-103-90 ( പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മെച്ചപ്പെടുത്തൽ ) | 2021-2022 | 2800 | 2520 | 2520 |
| | | 2022-2023 | 2000 | 1453.05 | 1453.05 |
| | | 2023-2024 | 2000 | 909.47 | 909.47 |
| | | 2024-2025 | 2351.20 | 2351.20 | 2351.20 |
| | | 2025-2026 | 587.20 | 587.19 | 587.19 |
| 2 | 2210-01-110-09 (രോഗി സൗഹൃദ ആശുപത്രി സംരംഭം ആരംഭിക്കൽ ( ഡി.എച്ച്.എസ്) | 2021-2022 | 1000 | 897.19 | 148.69 |
| | | 2022-2023 | 3200 | 3200 | 3200 |
| | | 2023-2024 | 2091.33 | 2091.32 | 2091.32 |
| | | 2024-2025 | 409.19 | 409.18 | 409.18 |
| | | 2025-2026 | 200 | 200 | 200 |
| 3 | 2210-03-103-89 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കൽ | 2021-2022 | 600 | 349.13 | 349.13 |
| | | 2022-2023 | 300 | 95.90 | 95.86 |
| | | 2023-2024 | 250 | 87.03 | 87.03 |
| | | 2024-2025 | 100 | 39.72 | 39.71 |
| | | 2025-2026 | 100 | 34.20 | 34.20 |
| 4 | 4210-02-103-92 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കൽ | 2022-2023 | 200.36 | 115.83 | 94.62 |
| | | 2025-2026 | 122.33 | 22.33 | 22.33 |
| 5 | 2210-01-110-15 ആശുപത്രികളിൽ | 2021-2022 | 100 | 99.98 | 99.98 |
| | | 2022-2023 | 100 | 33 | 33 |

| | | | | | |
|---|---|---|---|---|---|
| | കാത്ത് ലാബും ഐ.സി.യു-വും | 2023-2024 | 100 | 64.92 | 64.92 |
| | | 2024-2025 | 100 | 49.99 | 49.99 |
| | | 2025-2026 | 300 | 299.96 | 299.96 |
| 6 | 2210-01-110-14 പ്രധാന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കൽ | 2021-2022 | 500 | 500 | 500 |
| | | 2022-2023 | 500 | 165 | 165 |
| | | 2023-2024 | 500 | 325 | 325 |
| | | 2024-2025 | 988 | 395.02 | 395.02 |
| | | 2025-2026 | 1398 | 484.03 | 484.03 |
| 7 | 2210-01-110-11 തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങളുടെ വികസനം | 2021-2022 | 900 | 900 | 900 |
| | | 2022-2023 | 900 | 296.96 | 256.96 |
| | | 2023-2024 | 800 | 520 | 520 |
| | | 2024-2025 | 400 | 199.52 | 199.52 |
| | | 2025-2026 | 400 | 139.55 | 139.55 |
| 8 | 4210-01-110-60 തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങളുടെ വികസനം | 2022-2023 | 266.36 | 162.80 | 103.41 |
| | | 2023-2024 | 180.4 | 80.40 | 80.40 |
| | | 2024-2025 | 158.89 | 58.89 | 58.89 |
| 9 | 2210-01-110-13 അടിയന്തിര വൈദ്യ ശുശ്രൂഷ ശക്തിപ്പെടുത്തൽ | 2021-2022 | 500 | 500 | 500 |
| | | 2022-2023 | 500 | 165 | 165 |
| | | 2023-2024 | 500 | 324.99 | 324.99 |
| | | 2024-2025 | 400 | 159.99 | 159.99 |
| | | 2025-2026 | 400 | 139.82 | 139.82 |

സെക്ഷൻ ഓഫീസർ